**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6353** **10-11-2021 - ൽ മറുപടിയ്ക്ക്**

**കെ-ടെറ്റ് പാസാകുന്നതിന് ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അധ്യാപകർക്ക് കെ-ടെറ്റ് പരീക്ഷ പാസാകുന്നതിന് വേണ്ട മാർക്കിൽ ഇളവ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഇല്ല. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ അധ്യാപക യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE) നെയാണ്. ഈ സ്ഥാപനമാണ് അധ്യാപക യോഗ്യതാ പരീക്ഷയുടെ (ടെറ്റ്) പാസ് മാർക്ക് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് സ്വമേധയാ സാധിക്കുന്നതല്ല. |
| (ബി) | നിലവിൽ സർവ്വീസിൽ ഉള്ളവരെ കെ-ടെറ്റ് പരീക്ഷ പാസാകുന്നതിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | 2009-ലെ കേന്ദ്ര വിദ്യാഭ്യാസ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അധ്യാപകരായി നിയമനം ലഭിക്കുന്നതിനായി ടീച്ചേർസ് എലിജിബിലിറ്റി ടെസ്റ്റ് നിർബന്ധമാക്കിയതിനെ അടിസ്ഥാനപ്പെടുത്തി 25.07.2012 ലെ സ.ഉ(പി) നം.244/2012/പൊ.വി.വ പ്രകാരം 01/06/2012 മുതലുള്ള എയ്ഡഡ് സ്കൂളിലെ നിയമനങ്ങൾക്കും 30.08.2016 ലെ സ.ഉ(പി) നം.145/2016/പൊ.വി.വ പ്രകാരം സർക്കാർ സ്കൂളിലെ നിയമനങ്ങൾക്കും കെ-ടെറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. 25/07/2012 ലെ ഉത്തരവ് പ്രകാരം എം.എഡ് യോഗ്യത നേടിയിട്ടുള്ളവരെയും 30/08/2016 ലെ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട വിഷയത്തിൽ C.TET/NET/SET/MPhil/Phd യോഗ്യത നേടിയിട്ടുള്ളവരെയും കെ-ടെറ്റ് യോഗ്യത നേടിയിരിക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | കെ-ടെറ്റ് പരീക്ഷ പാസായ യു.പി. സ്കൂൾ അധ്യാപകർ ഹൈസ്കൂൾ തലത്തിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ വീണ്ടും കെ-ടെറ്റ് പരീക്ഷ പാസാകേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ഇളവ് | (സി) | ഉണ്ട്. ഇളവ് നൽകുന്ന കാര്യം പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;<br>വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ